150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

## സർക്കുലർ

നമ്പർ.19/2021/ധന, തീയ്യതി, തിരുവനന്തപുരം, 03.03.2021.

വിഷയം :- ശമ്പള ബില്ലുകളിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പരിഷ്കരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 22.02.2021 – ലെ 17/2021/ധന നമ്പർ സർക്കുലർ.

ശമ്പള ബില്ലുകളിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സൂചന പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന സർക്കുലറിലെ രണ്ടാമത്തെ ഖണ്ഡിക ചുവടെ ചേർക്കും പ്രകാരം പരിഷ്കരിക്കുന്നു.

"കോ-ഓപ്പറേറ്റീവ് റിക്കവറി സൂചിപ്പിച്ചിട്ടുള്ള ശമ്പള ബില്ലുകൾ സമർപ്പിക്കുമ്പോൾ അതിനുള്ള ചെക്കും ബാംസിലെ പ്രൊസീഡിംഗ്സും, ശമ്പള ബില്ലുകൾ എൻകാഷ് ചെയ്യുന്ന മുറയ്ക്ക് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ, ട്രഷറിയിൽ നിർബന്ധമായും സമർപ്പിക്കേണ്ടതും, ട്രഷറി ഓഫീസർമാർ ഇക്കാര്യം നിർബന്ധമായും വെരിഫൈ ചെയ്യേണ്ടതും, തൊട്ടടുത്ത മാസത്തെ ശമ്പള ബില്ല് സമർപ്പിക്കുമ്പോൾ തലേമാസത്തെ റിക്കവറി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്ന് കർശനമായി ഉറപ്പ് വരുത്തേണ്ടതുമാണ്."

പ്രീത. ബി. എസ്.,
ധനകാര്യ അഡീഷണൽ സെക്രട്ടറി.

പകർപ്പ്

- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
- അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
- ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
- എല്ലാ വകുപ്പ് തലവന്മാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
- നോഡൽ ഓഫീസർ, www.financekerala.gov.in.
- സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.